യേശുവിൻറെ രക്തത്താൽ എൻറെ

പാപമെല്ലാം കഴുകി

ജീവൻറെ പുസ്തകത്തിൽ എൻറെ പേരും

നാഥൻ എഴുതിച്ചേർത്തു

വിശ്വസിക്കുന്നവർക്കായ് തന്നെ

പരസ്യമായ് കാഴ്ചയാക്കി

ചേറ്റിൽ കിടന്നെന്നെ പാറമേൽ നിർത്തുവാൻ

താതൻ പ്രസാദിച്ചപ്പോൾ

ഞാൻ ചെയ്ത പാപങ്ങളാൽ യേശു

ക്രൂശിന്മേൽ യാഗമായി

എന്നുടെ പാപത്തിൻ ശിക്ഷയാം മരണത്തെ

ക്രൂശിന്മേൽ രുചിനോക്കി

എനിക്കായ് മരിച്ചവനെ ഇനിമേൽ

നിനക്കായ് ജീവിക്കുവാൻ

ദേഹവും ദേഹിയും ആത്മാവും ഞാനിതാ

പൂർണ്ണമായ് സമർപ്പിക്കുന്നു

ഇന്നിതാ ആത്മാവിനാലെ ഞാൻ

ബന്ധിക്കപ്പെട്ടവനായ്

ഓടുന്നു എന്നുടെ വേല തികയ്ക്കുവാൻ

നിൻ നാമം മഹത്വപ്പെടാൻ

ജീവിച്ചീടുന്നു എങ്കിൽ ഇനിമേൽ

ക്രിസ്തുവിനായ് മാത്രം

പാനീയ യാഗമായ് തീരുവാൻ എൻ നാഥാ!

കൃപ എനിക്കേകിടണേ

യേശുവിൻറെ.....